LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശിവൻകുട്ടി: സർ, പുതുതായി രൂപീകരിച്ച മാസ്റ്റർ പ്ലാനിൽ തിരുവനന്തപുരം മ്യൂസിയവും മൃഗശാലയും ഇവിടെ നിന്നും മാറ്റാൻ പോകുന്നുവെന്നത് സംബന്ധിച്ച ഒരു രേഖയുണ്ട്. അങ്ങനെ മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ, എന്താണ് അതിന്റെ നിജസ്ഥിതി ?

കുമാരി പി. കെ. ജയലക്ഷ്മി: സർ, സ്ഥലത്തിന്റെ പരിമിതിയുണ്ടെങ്കിലും തിരുവനന്തപുരം മൃഗശാല ഒരു കാരണവശാലും അവിടെനിന്ന് മാറ്റില്ല.

ശ്രീ. മോൻസ് ജോസഫ്: സർ, ലോകത്ത് സിറ്റ്സർലൻഡിനേക്കാൾ മനോഹരമാണ് കേരളമെന്ന് പറയുമ്പോഴും വിവിധ വകുപ്പുകളുടെ കീഴിലാണ് ഓരോ കാര്യങ്ങളും നടക്കുന്നതെന്നതുകൊണ്ട് ഇതിന്റെ സാധ്യത പ്രയോജനപ്പെടുത്താൻ കേരളത്തിന് കഴിയുന്നില്ല. വിവിധ വകുപ്പുകളെ ഏകോപിച്ചുകൊണ്ട് കേരളത്തിന്റെ പ്രകൃതിരമണീയമായ സാധ്യതകൾ ഏറ്റവും നന്നായി പ്രയോജനപ്പെടുത്താൻ കഴിയുന്ന ഒരു പ്രോജക്ടിനെക്കുറിച്ച് ചിന്തിക്കുമോ ; അതിനെ ഏകോപിപ്പിക്കാൻ അങ്ങയുടെ വകുപ്പ് നേതൃത്വം കൊടുക്കുമോ?

കുമാരി പി. കെ. ജയലക്ഷ്മി: സർ, വളരെ പ്രസക്തമായ ഒരു ചോദ്യമാണ്. മറ്റ് വകുപ്പുകളുടെ കീഴിലും മ്യൂസിയങ്ങളുണ്ട്. ഇക്കാര്യം ബന്ധപ്പെട്ട വകുപ്പു മന്ത്രിമാരുമായി ആലോചിക്കുന്നതാണ്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, പുതിയ തലമുറയ്ക്ക് നമ്മുടെ പൈതൃകവും സംസ്കാരവുമൊക്കെ മനസ്സിലാക്കാൻ ഉതകുന്ന തരത്തിൽ മ്യൂസിയവുമായി ബന്ധപ്പെട്ട് എന്തെങ്കിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ?

കുമാരി പി. കെ. ജയലക്ഷ്മി: സർ, ഇതിനകം ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. വിജ്ഞാനപ്രദമായ കാര്യങ്ങളും ഗവേഷണം നടത്തുന്നതിനുള്ള സംവിധാനങ്ങളുമൊക്കെ മ്യൂസിയം-മൃഗശാലയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. തീർച്ചയായും ഇക്കാര്യം ആലോചിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ലോട്ടറി പുതുക്കം

4 (*604) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീമതി കെ. കെ. ലതിക :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ലോട്ടറിയെ പുതുക്കത്തിനായി ഉപയോഗപ്പെടുത്തുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാന ലോട്ടറിയെ ഇത്തരത്തിൽ ഉപയോഗപ്പെടുത്തുന്നത് സംസ്ഥാന ലോട്ടറിയെ തകർക്കുന്നതിനുള്ള ഗൂഢനീക്കത്തിന്റെ ഭാഗമാണെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) അന്യസംസ്ഥാനലോട്ടറി വില്പന മാഫിയകൾ ഈ നീക്കത്തിന്റെ പിന്നിലുണ്ടോയെന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തിനകത്തും പുറത്തും സംസ്ഥാന ലോട്ടറിയെ മറ്റേതെങ്കിലും തരത്തിൽ ദുരുപയോഗം ചെയ്യുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഇ) മാഫിയകൾ ലോട്ടറി ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനും ലോട്ടറി സംവിധാനം കുറ്റമറ്റതാക്കുന്നതിനും എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ&ബി) സംസ്ഥാന ലോട്ടറിയുടെ സമ്മാനാർഹമാകുന്ന നമ്പരുകളുടെ അവസാന അക്കങ്ങളെ അടിസ്ഥാനമാക്കി ഒറ്റയക്ക, രണ്ടക്ക മൂന്നക്കഎഴുത്ത് ലോട്ടറികൾ സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ പ്രചാരത്തിലുള്ളതായി ചില ഒറ്റപ്പെട്ട വാർത്തകളും പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരാതികൾ തുടർനടപടികൾക്കായി സംസ്ഥാനതല മോണിറ്ററിംഗ് സെല്ലിന് കൈമാറുകയും കേസ്സുകൾ രജിസ്റ്റർചെയ്ത് അന്വേഷണം നടന്നുവരികയും ചെയ്യുന്നു. ചൂതാട്ട ലോട്ടറി പോലെയുള്ള പ്രവണതകൾ തടയാൻ സർക്കാർ ഫലപ്രദമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഒറ്റനമ്പർ ലോട്ടറികൾ എഴുത്ത് ലോട്ടറികൾ, നിയമവിരുദ്ധ അന്യസംസ്ഥാന ലോട്ടറികൾ എന്നിവയുടെ അനധികൃത വിൽപ്പന തടയുന്നതിനായി എ.ഡി.ജി.പി. തലവനായ സംസ്ഥാനതല മോണിറ്ററിംഗ് സെല്ലും ജില്ലാ കളക്ടർ തലവനായ ജില്ലാതല മോണിറ്ററിംഗ് സെല്ലും സംസ്ഥാന-ജില്ലാതല യോഗങ്ങൾ ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. അനധികൃത ലോട്ടറി വിൽപ്പന നടത്തുന്ന കേരള ഭാഗ്യക്കുറി ഏജന്റുമാരുടെ ഏജൻസി റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള വകുപ്പുതല നടപടികളും കൈക്കൊണ്ടുവരുന്നുണ്ട്.

മേൽ പരാമർശിച്ച രീതിയിലുള്ള ലോട്ടറി ചൂതാട്ടം ചിലർക്ക് അമിത സാമ്പത്തികലാഭം ഉണ്ടാക്കുക എന്ന ഉദ്ദേശ്യത്തിൽ കവിഞ്ഞ് സംസ്ഥാന ലോട്ടറിയെ തകർക്കുന്നതിനുള്ള ഗൂഢനീക്കത്തിന്റെ ഭാഗമാണെന്ന ആക്ഷേപത്തിന് ഉപോത്ബലകമായ തെളിവുകൾ ലഭിച്ചിട്ടില്ല. മാത്രമല്ല ഇത്തരം പ്രവർത്തനങ്ങൾമൂലം സംസ്ഥാന ഭാഗ്യക്കുറിയുടെ വിശ്വാസ്യതയ്ക്കോ വിൽപ്പനയ്ക്കോ ഇടിവ് സംഭവിച്ചിട്ടില്ല.

(സി) സംസ്ഥാന ലോട്ടറിയുടെ സമ്മാനാർഹമാകുന്ന നമ്പരുകളുടെ അവസാന അക്കങ്ങളെ അടിസ്ഥാനമാക്കി നടത്തുന്ന എഴുത്ത് ലോട്ടറി സംബന്ധിച്ച് ലഭിച്ച പരാതികൾ തുടർനടപടികൾക്കായി സംസ്ഥാനതല മോണിറ്ററിംഗ് സെല്ലിന് കൈമാറുകയും കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയും ചെയ്യുന്നു. സംസ്ഥാനത്ത് അന്യസംസ്ഥാന ലോട്ടറി വിൽപ്പന മാഫിയകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി&ഇ) സംസ്ഥാനത്തിന് പുറത്തേക്ക് അതിർത്തി ജില്ലകളുടെ ചില ഭാഗത്തുനിന്ന് കേരള ലോട്ടറി അനധികൃതമായി കടത്തിവിൽപ്പന നടത്തുന്നുവെന്ന് വിവിധ ലോട്ടറി സംഘടനകൾ ആക്ഷേപം ഉന്നയിച്ചിരുന്നു. എന്നാൽ സംസ്ഥാനത്ത് മാഫിയകൾ ലോട്ടറിയെ ദുരുപയോഗം ചെയ്യുന്ന തരത്തിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒറ്റനമ്പർ ലോട്ടറികൾ, എഴുത്ത് ലോട്ടറികൾ, നിയമവിരുദ്ധ അന്യസംസ്ഥാന ലോട്ടറികൾ തുടങ്ങിയ ലോട്ടറി ദുരുപയോഗപ്രവണതകൾ ഫലപ്രദമായി തടയുന്നതിനായി സംസ്ഥാനതല മോണിറ്ററിംഗ് സെൽ എ.ഡി.ജി.പി. (ഇന്റലിജൻസ്) തലവനായും ജില്ലാതല മോണിറ്ററിംഗ് സെൽ അതാത് ജില്ലാ കളക്ടർ തലവനായും രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന-ജില്ലാതല യോഗങ്ങൾ ചേർന്ന് സംസ്ഥാനത്താകെ നിയമവിരുദ്ധ ഭാഗ്യക്കുറി വിൽപ്പനയ്ക്കെതിരെയും ലോട്ടറി ചൂതാട്ടം പോലുള്ള പ്രവണതകൾക്കെതിരെയും അന്യസംസ്ഥാനങ്ങളിലേയ്ക്ക് ലോട്ടറി കടത്തുന്നതിനെതിരെയും നടപടികൾ സ്വീകരിച്ചുവരുന്നു. നാളിതുവരെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇത്തരത്തിലുള്ള 78 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ ഇപ്രകാരമുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി ലോട്ടറി വകുപ്പിൽ ഒരു വിജിലൻസ് സെൽ രൂപീകരിക്കുന്ന വിഷയവും പരിഗണനയിലാണ്. നിയമവിരുദ്ധ ലോട്ടറിയുടെ പ്രവർത്തനം തടയുന്നതിന്റെ ഭാഗമായി 2014-ലെ കേരള ധനകാര്യ ബിൽ പ്രകാരം അന്യസംസ്ഥാന ഭാഗ്യക്കുറികൾക്ക് കേരളത്തിൽ വിൽപ്പനാനുമതി ലഭിക്കുന്നതിനായി ഓരോ പ്രൈസിനും കേന്ദ്ര ഭാഗ്യക്കുറി നിയന്ത്രണ നിയമം, ചട്ടം എന്നിവ പാലിക്കുന്നത് സംബന്ധിച്ച് ഭാഗ്യക്കുറി ഡയറക്ടർ നൽകുന്ന നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റു കൂടി സമർപ്പിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

പാസഞ്ചർ വാഹനങ്ങളിലൂടെയും ട്രെയിൻ വഴിയുമുള്ള അനധികൃത ചരക്ക് കടത്ത്

5 (*605) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാസഞ്ചർ വാഹനങ്ങളിലും ട്രെയിനുകളിലും അനധികൃതമായി സാധനങ്ങൾ കടത്തുന്നത് തടയാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇത് കണ്ടെത്തി സാധനങ്ങൾ കടത്തുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുവാൻ വകുപ്പിൽ എന്തെല്ലാം സംവിധാനം നിലവിലുണ്ടെന്ന് വിശദമാക്കുമോ ;

(സി) ഇതിനെതിരെ കർശന നടപടി എടുക്കാൻ വകുപ്പിനെ ശക്തിപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly